പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1839 01.11.2019-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.**

ചോദ്യം മറുപടി

ശ്രീ.ആന്റണി ജോൺ

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. മാത്രം സർവ്വീസ് നടത്തിയിരുന്ന കോതമംഗലം മണ്ഡലത്തിലെ ഗ്രാമീണ മേഖലയായ നെല്ലിമറ്റം-വാളാച്ചിറ, നാട്ടുകാണി-പെരുമണ്ണൂർ തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. കോതമംഗലം ഡിപ്പോയിൽ നിന്നും നിർത്തലാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന കെ.എസ്.ആർ.ടി.സി.യിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, സമഗ്ര പുനരുദ്ധാരണ നടപടികൾ സ്വീകരിച്ച് വരുന്നു. യാത്രക്കാർ തീരെ കുറവുള്ളതും, വരുമാനക്കുറവുള്ളതും, നടത്തിപ്പ് ചെലവിനു പോലും വരുമാനം ലഭ്യമാകാത്തതുമായ ചില സർവ്വീസുകൾ / ട്രിപ്പുകൾ പുനഃക്രമീകരിക്കുകയോ, താൽക്കാലികമായി റദ്ദ് ചെയ്യുകയോ ഉണ്ടായിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. യെ മാത്രം ആശ്രയിക്കുന്ന ഈ മേഖലയിലുള്ള നൂറുകണക്കിന് ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | (സി) | സാധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന ട്രിപ്പുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**